മറ്റു വിഭാഗം തൊഴിലാളികളെപോലെ തൊഴിലാളികളായി അംഗീകരിച്ച് അവർക്കും തൊഴിൽനിയമം ബാധകമാക്കണം. മിനിമം വേതനവും ജോലിസ്ഥിരതയും ഉറപ്പുവരുത്തണം. ക്ഷേമനിധി ഏർപ്പെടുത്തണം. ഖാദിവ്യവസായത്തിന്റേയും തൊഴിലാളികളുടേയും പുരോഗതിയെ ലക്ഷ്യമാക്കി ഒരു കമ്മീഷനെ നിയമിക്കണം. എട്ടു മണിക്കൂർ ജോലി ചെയ്യുന്ന ഖാദി തൊഴിലാളികളെ ഉപതൊഴിലുകാരായി ചിത്രീകരിക്കുന്ന കേന്ദ്ര ഖാദി കമ്മീഷന്റെ തെറ്റായ നയം അവസാനിപ്പിക്കണം. പാവപ്പെട്ട തൊഴിലാളികളും ഭൂരിപക്ഷവും സ്ത്രീതൊഴിലാളികളാണ്. അവർ അനാഥരാണ്. ജോലിയില്ല, കൂലിയില്ല, വിപണിയില്ല. മുഖ്യമന്ത്രിയും മുസ്തഫയും കൂട്ടരും ഖദർ മാഹാത്മ്യം പ്രസംഗിച്ച് അവരെ വഞ്ചിക്കുകയാണ്. പാവം തൊഴിലാളികളും ചോര വിയർപ്പാക്കിയതിന്റെ മണം അവരുടെ ഖദറിലുമുണ്ടാകും. അതുകൊണ്ട് ഈ കണ്ണീരിന്റെ മക്കളുടെ കഷ്ടത മാറ്റാനുള്ള നടപടി സ്വീകരിക്കണം.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഖാദി രംഗത്തു പ്രവർത്തിക്കുന്ന നൂൽപ്പുകാരുടേയും നെയ്ത്തുകാരുടേയും വേതനനിരക്കുകളും, ക്ഷേമനിധി, ഇൻസെന്റീവ് ഇവയെല്ലാം ഖാദികമ്മീഷണാണ് തീരുമാനിക്കുന്നത്. ഖാദിക്കമ്മീഷന്റെ മുമ്പിൽ കേരളത്തിലെ ഖാദി നെയ്ത്തുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ പ്രശ്നങ്ങൾ നിരന്തരമായി പറയുകയും അതിനെ സംബന്ധിച്ച് അവർ ഉന്നതതലസമ്മേളനം ചേരുകയും അങ്ങനെ 1—4—1985 മുതൽ ഈ രംഗത്തു പ്രവർത്തിക്കുന്ന നൂൽപ്പുകാരുടെ വേതനനിരക്കിൽ 15 ശതമാനം മുതൽ 50 ശതമാനംവരെ വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്. തുച്ഛമായ വരുമാനക്കാരായ നൂൽപ്പുകാരുടെ വേതനത്തിൽ 50 ശതമാനം വർദ്ധനവും നെയ്ത്തുകാരുടെ വേതനത്തിൽ 15 മുതൽ 25 ശതമാനം വരെ വർദ്ധനവുമാണ് ഉണ്ടായിട്ടുള്ളത്.

ബഹുമാനപ്പെട്ട മെമ്പർ അതറിയാതെയായിരിക്കും സഭയിൽ വന്നതെന്നാണ് എനിക്ക് തോന്നുന്നത്. ഖാദിയുടെ വിലയിൽ 60 ശതമാനവും വേതനമാണ്. ഒരു ഖാദി വസ്ത്രം വാങ്ങിയാൽ അതിന്റെ വിലയുടെ 60 ശതമാനം വേതനത്തിനായി പോകും. 25 ശതമാനം അസംസ്കൃത പദാർത്ഥത്തിനായി ഉപയോഗിക്കുന്നു. 15 ശതമാനം അതിന്റെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റായിട്ടുവരും. വേതനം വീണ്ടും വർദ്ധിപ്പിക്കുകയാണെങ്കിൽ പാവപ്പെട്ട ആളുകളുടെ ഇടയിൽ പ്രചാരണം കിട്ടേണ്ട ബഹുമാനപ്പെട്ട നമ്പാടൻ ചൂണ്ടിക്കാണിച്ചതുപോലെ പലരും ധരിക്കുകയും ധരിക്കാതിരിക്കുകയും ചെയ്യുന്ന, ഖാദിയുടെ വില വർദ്ധിക്കുവാനിടയുണ്ട്. ഖാദിക്ക് കണ്ടമാനം വില വർദ്ധിപ്പിച്ചാൽ അതിന്റെ പ്രചാരണത്തിന് അത് തടസ്സമാകും. കേന്ദ്ര ഗവൺമെന്റിന്റെ നയപ്രകാരം ഖാദികമ്മീഷൻ നിശ്ചയിക്കുന്ന വിലയിൽ അങ്ങനെ ഒരു മാറ്റം വരുത്താൻ നിർവ്വാഹമില്ല. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ചതു പോലെയുള്ള എല്ലാ അഭിപ്രായങ്ങളും അപ്പോഴപ്പോൾ ഖാദി കമ്മീഷനെ അറിയിക്കുന്നതാണ്.

(11) വിഴിഞ്ഞത്തേയും പൂവാറിലേയും യാത്രാക്ലേശം

ശ്രീ. എൻ. ശക്തൻനാടാർ: സർ, പൂർണ്ണമായി ദേശസാൽക്കരിച്ച നെയ്യാറ്റിൻകര താലൂക്കിലെ രണ്ട് കെ.എസ്.ആർ.ടി.സി. ഡിപ്പോ

LIBRARY ARCHIVES Kerala Legislative Assembly

കളാണ് വിഴിഞ്ഞവും പൂവാറും. വിഴിഞ്ഞത്തും പൂവാറിലുമുള്ള മുഴുവൻ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്താൽപ്പോലും അവിടെ രൂക്ഷമായ യാത്രാക്ലേശം അനുഭവപ്പെടും. ആ സ്ഥിതി നില നിൽക്കേ 63 ഷെഡ്യൂളുകളുള്ള വിഴിഞ്ഞത്ത് ഇപ്പോഴും 35 ഷെഡ്യൂളുകളും 55 ഷെഡ്യൂളുകളുള്ള പൂവാറിൽ 45 ഷെഡ്യൂളുകളും മാത്രമേ ഓപ്പറേറ്റ് ചെയ്യുന്നുള്ളു. വിഴിഞ്ഞത്ത് 63 ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യണമെന്നുണ്ടെങ്കിൽ 70 ബസുകളും വേണം. അവിടെ ആകെ കൊടുത്തിട്ടുള്ളത് 60 ബസ്സുകളുമാത്രമാണ്. ആ 60 ബസ്സിൽത്തന്നെ 8 ബസ്സും ടയറില്ലാത്തതുകാരണം ഒതുക്കിയിട്ടിരിക്കുന്നു. മറ്റു പത്തു ബസ്സുകളും ടയറില്ലാത്തതുകാരണം ഒതുക്കിയിട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ വെറും 35 ബസ്സുകളുമാത്രമാണ് വിഴിഞ്ഞത്ത്. ഓപ്പറേറ്റ് ചെയ്യാൻ കഴിഞ്ഞത്. വിഴിഞ്ഞത്തുള്ള യാത്രാക്ലേശം അടിയന്തിരമായി പരിഹരിക്കുകയും കുറവുള്ള പത്തു ബസ്സുകളുടെ പകരം പുതിയ ബസ്സുകൾ അടിയന്തിരമായി നൽകുകയും ടയറും മറ്റ് സ്പെയർപാർട്ട്സും കൊടുത്ത് വിഴിഞ്ഞം ഡിപ്പോയിൽനിന്ന് സർവ്വീസ് നടത്തുന്ന റൂട്ടുകളിൽ ഇന്ന് അനുഭവപ്പെടുന്ന യാത്രാക്ലേശം പരിഹരിക്കുകയും ചെയ്യാൻ അടിയന്തിര നടപടിയുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

പൂവാർ ഡിപ്പോയെ സംബന്ധിച്ചു പറയുമ്പോൾ അത് ഒരു പുതിയ ഡിപ്പോയാണ്. അവിടേയും ബസ്സുകളുടെ എണ്ണത്തിൽ കുറവുണ്ട്. സ്റ്റാഫിൽ കുറവുണ്ട്. സ്പെയർപാർട്ട്സ് ശരിക്ക് കിട്ടുന്നില്ല. അവിടെയും രൂക്ഷമായ യാത്രാക്ലേശം നിലനിൽക്കുന്നു. ഈയവസരത്തിൽ പൂവാറിലേക്കും പുതിയ ബസ്സുകളും സ്പെയർപാർട്ട്സും നൽകി രണ്ട് ഡിപ്പോകളിലും ഇന്നനുഭവപ്പെടുന്ന രൂക്ഷമായ യാത്രാക്ലേശത്തിന് അടിയന്തിരമായി പരിഹാരമുണ്ടാക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രിയോടഭ്യർത്ഥിക്കുന്നു.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): സർ, പൂവാർ—വിഴിഞ്ഞം മേഖലകളും 1960—ലാണ് പൂർണ്ണമായി ദേശസ്വൽക്കരിച്ചത്. ആ പ്രദേശത്തെ യാത്രയെന്നു പറയുന്നത് കെ.എസ്.ആർ.ടി.സി.യെ മാത്രമാശ്രയിച്ചുള്ളതാണ്. ഈ ഗവൺമെന്റധികാരത്തിൽ വന്നതിനുശേഷം വിഴിഞ്ഞം ബസ്സ്റ്റേഷൻ ഡിപ്പോയാക്കിമാറ്റി; പൂവാറിൽ സബ്ഡിപ്പോ ആരംഭിക്കുകയും ചെയ്തു. വിഴിഞ്ഞം ഡിപ്പോയിൽ 61 ഷെഡ്യൂളുകളും പൂവാർ ഡിപ്പോയിൽ 55 ഷെഡ്യൂളുകളുമാണ് അനുഭവത്തിലുള്ളത്. അവിടെ കൃത്യമായി ബസ് ഓപ്പറേറ്റ് ചെയ്യണമെന്നുണ്ടെങ്കിൽ വിഴിഞ്ഞത്ത് 68—ഉം പൂവാറിൽ 62—ഉം ബസ്സുകൾ വേണം. എന്നാൽ ഇപ്പോൾ വിഴിഞ്ഞത്ത് 62 ബസ്സും പൂവാറിൽ 59 ബസ്സുമാണ് അനുവദിച്ചിട്ടുള്ളത്. ഈ അടുത്തകാലത്ത് ടയറിന്റെയും സ്പെയർപാർട്ട്സിന്റെയും ക്ഷാമമുണ്ടായതിന്റെ ഫലമായി ഏതാനും ദിവസങ്ങളായി യാത്രാക്ലേശം കുറെയധികം രൂക്ഷമായിരിക്കുകയാണ്. വളരെ വേഗംതന്നെ ആവശ്യമായ ടയറും സ്പെയർപാർട്ട്സും അവിടെ നൽകുന്നതാണ്. ഗവൺമെന്റിന് ആ പ്രദേശത്തെ യാത്രാക്ലേശം ബോദ്ധ്യമായിട്ടുണ്ട്. അതിനുള്ള എല്ലാവിധ നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly